Roll No. | | | |

# INDIAN SCHOOL SALALAH

## SECOND TERM EXAMINATION, FEB - MARCH 2026

## (MALAYALAM(SL) - 012

Class: VIII	Date: 05-03-2026

Time: 3 Hrs	Maximum Marks: 80

---

**I . പര്യായപദം എഴുതുക** (8 x 1 = 8 )

1. മുകിൽ 2. അന്നം 3. വെയിൽ 4. ദിവസം 5. യാത്ര

6. പൊന്ന് 7. മുഖം 8. ലോകം

**II വിപരീതപദം എഴുതുക** (8 x 1 = 8 )

1. പുലരി 2. ഗുണം 3. നേട്ടം 4. ആശ 5.വിശ്വാസം

6. അടിമ 7. വികാസം 8. രഹസ്യം

**III. നാനാർത്ഥം എഴുതുക** (6 x 1 = 6 )

1. മാനം 2. വർണ്ണം 3. ചിത്രം 4. നാൾ 5. കാലി

6. സ്നേഹം

**IV . അർത്ഥവ്യത്യാസം എഴുതുക** ( 5 x 1 = 5)

1. നേരം - നേര് 2. കഴൽ - കുഴൽ 3. മൊഴി - മിഴി

4. പത്രം - പത്രി 5. അംഗം - അങ്കം

**V . പിരിച്ചെഴുതുക** (8 x 1 = 8 )

1. അവൾ 2. പാതയോരം 3. മരതകപ്പച്ച 4. കൊറ്റക്കുട

5. ജനങ്ങൾ 6. നാഴികക്കല്ല് 7. രഹസ്യമായി 8. ആശച്ചെടി

**VI . വിഗ്രഹിക്കുക** (8 x 1 = 8 )

1. മുത്തൊളി 2. മുഖഭാവം 3. തണ്ണീർ 4. പൊതുപരിപാടി

5. അനുദിനം 6. നൂതന സംവിധാനം 7. നദിക്കര 8. മഹാപാപം

**VII . എതിർലിംഗം എഴുതുക** (6 x 1 / 2 = 3 )

1. മാതാവ് 2. തോഴൻ 3. രാജകുമാരി 4. വിദ്യാർത്ഥി

5. യജമാനൻ 6. അപ്പൂപ്പൻ

**(P.T.O)**

**VIII . ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **( 10x 1 / 2 = 5 )**

1.കിഴക്ക് വെള്ളവിരിക്കുന്നതാര് ?

(പുലരി , സൂര്യൻ , ദൈവം, തോഴർ)

2. "മഴമുകിൽപ്പെൺകൊടി' എന്ന കവിത എഴുതിയത് ആര് ?

( ഉള്ളൂർ, പി. ഭാസ്കരൻ, കുമാരനാശാൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ)

3. താഴെപ്പറയുന്നതിൽ സജീവമായ സാമൂഹ്യ മാധ്യമം ഏത് ?

( കമ്പ്യൂട്ടർ, പെൻറഗൺ, ചിത്രങ്ങൾ, വാട്സാപ്പ്)

4. 'ഇതുപോലെ യജമാന സ്നേഹമുള്ള ഒരു പട്ടിയെ ഞങ്ങൾ ജീവിതത്തിൽ കണ്ടിട്ടില്ല'.- ഇങ്ങനെ മിഷാലിനെക്കുറിച്ചു അഭിപ്രായം പറഞ്ഞതാര് ?

(വില്യംസ്, വാൻഗോ അപ്പൂപ്പൻ, ഫാദർ, വീട്ടുകാർ)

5. താഴെ പറയുന്നതിൽ ഉള്ളൂരിൻറെ മഹാകാവ്യമേത് ?

( തരംഗിണി, കല്പശാഖി, ചിത്രശാല, ഉമാകേരളം)

6. കമ്പ്യൂട്ടറിൻറെ പിതാവായി അറിയപ്പെടുന്നതാര് ?

( ചാൾസ് ഡാർവിൻ, ചാൾസ് ബാബേജ്, ചാൾസ് ഡിക്കൻസ്, ചാൾസ് ഡിക്രൂസ്)

7. അണയാത്തതെന്തവൾ- ആരെക്കുറിച്ചാണ് പറയുന്നത് ?

(തണ്ണീരിനെ, കരിമുകിൽ പെൺകൊടിയെ, വയലിനെ, വാനത്തെ)

8. വിദ്യാർത്ഥികളുടെ മുഖഭാവം ശ്രദ്ധിച്ചതാര് ?

( അവതാരകൻ, അനൂപ് മാസ്റ്റർ, മറ്റ് കുട്ടികൾ, സർക്കാർ)

9. വി.കെ .ശ്രീധരൻറെ വിശേഷണത്തിൽപ്പെട്ടത് ഏതാണ് ?

( പരിസ്ഥിതി പ്രവർത്തകൻ, സംവിധായകൻ, ഗാനരചയിതാവ്, ധനികൻ)

10. 'സസക്സ്' - എന്നാൽ എന്താണ് ?

(ഒരു കൃഷിക്കാരൻ, ഒരു കർഷക ഗ്രാമം, ഒരു ഗോതമ്പ് വയൽ, ഒരു ക്ഷുദ്രജീവി)

**IX . മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **(7 x 2 = 14)**

1. മഴമേഘമെത്താൻ വൈകുന്നതുകൊണ്ടുള്ള കെടുതികൾ എന്തെല്ലാം?
2. മിഷാലിന് പ്രായമായപ്പോൾ എന്താണ് സംഭവിച്ചത് ?

**(P.T.O)**

3. ആശച്ചെടി കരിഞ്ഞുപോകാൻ കാരണമെന്ത് ?
4. കുട്ടികൾക്ക് ചെയ്യാവുന്ന കൊച്ചുകൊച്ചു കാര്യങ്ങളെന്തെല്ലാം ?
5. ഇ - മെയിൽ കണ്ടുപിടിച്ചതിൻറെ ഫലമായി സംഭവിച്ചതെന്ത് ?
6. കുടയെടുത്ത കുഞ്ഞിനോട് മാതാപിതാക്കൾ പറഞ്ഞതെന്ത് ?
7. കമ്പ്യൂട്ടറിൻറെ കണ്ടുപിടിത്തത്തിലേക്ക് നയിച്ചതെന്ത് ?

**X. <u>താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക</u>** **(5 x 1 = 5 )**

പ്രകൃതിരമണീയമാണ് കേരളം. കൈകോർത്തുനിന്ന് കനകഭംഗിയുടെ ദൃശ്യവിസ്മയം ഒരുക്കുന്ന പുണ്യഭൂമി. ഭൂമിയിലെ പറുദീസ. അതേ, ദൈവത്തിൻറെ സ്വന്തം നാട്. അതാണ് കേരളം. കവികളുടേയും കലാകാരന്മാരുടേയും സ്വപ്നഭൂമിയാണ് നമ്മുടെ കേരളം. വള്ളത്തോളിൻറെ ഭാഷയിൽ പറഞ്ഞാൽ സഞ്ചാരികളുടെ പറുദീസ.

ആലപ്പുഴ കടൽത്തീരം കേരളത്തിൻറെ 'വെനീസ്' ആണ്. കലകളുടെ കലവറയാണ് തൃശൂർ. സാഹിത്യത്തിന്റേയും സാഹിത്യകാരന്മാരുടേയും നാട്. കേരളത്തിൻറെ കിഴക്കൻ അതിർത്തിയിലാണ് സഹ്യപർവ്വതം എന്ന വമ്പൻറെ കിടപ്പ്. തേക്കടി കേരളത്തിലെ ഏറ്റവും വലിയ വന്യമൃഗ സങ്കേതവും ടൂറിസ്റ്റ് കേന്ദ്രവുമാണ്. ഓർമ്മകളുടെ വലിയ കൊട്ടാരമായ ബോൾഗാട്ടി പാലസ്, കഥകളുറങ്ങുന്ന ഡച്ചു കൊട്ടാരം, ജൂതപ്പള്ളി, ഇവയെല്ലാം അറബിക്കടലിൻറെ റാണിയായ കൊച്ചിയിലെ കാഴ്ചകളാണ്. തിരുവനന്തപുരത്തെ പൊന്മുടിയും മൃഗശാലയും പത്മനാഭപുരം കൊട്ടാരവും ദൃശ്യവിസ്മയം ഒരുക്കുന്ന കാഴ്ചകൾ തന്നെയാണ്.

കഥകളുടെ കൊട്ടാരമായ ബേക്കൽ കോട്ട, ചന്ദ്രഗിരിക്കോട്ട തച്ചോളിത്തറവാട്ടുകാരുടെ കുടുംബക്ഷേത്രമായ ലോകനാർക്കാവ് എന്നിവ മലബാറിൻറെ സംഭാവനയാണ്. മലമ്പുഴ ഡാമിൻറെ ഗാഭീര്യവും പൂന്തോട്ടത്തിൻറെ അദ്ഭുതഭംഗിയും നുകരാത്ത മലയാളികൾ കുറവാണ്. നെല്ലറയായ പാലക്കാടിൻറെ നീർത്തടാകം കൂടിയാണ് മലമ്പുഴ. പീച്ചിഡാമും അതിരപ്പള്ളി വാഴച്ചാൽ വെള്ളച്ചാട്ടങ്ങളും ദൈവത്തിൻറെ സ്വന്തം നാടിന് ലഭിച്ച വരദാനങ്ങളാണ് .

(P.T.O)

<u>ചോദ്യങ്ങൾ</u>

1. കനകഭംഗിയുടെ ദൃശ്യവിസ്മയം ഒരുക്കുന്നപുണ്യഭൂമി ഏത് ?
2. ആലപ്പുഴകടൽത്തീരം എന്ത് പേരിലാണ് അറിയപ്പെടുന്നത് ?
3. കലകളുടെ കലവറയായ ജില്ല ഏത് ?
4. മലബാറിൻറെ സംഭാവന ഏത് ?
5. മലമ്പുഴ ഏത് ജില്ലയിലാണ് ?

**XI. <u>മഴക്കെടുതിമൂലം കൃഷികൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡൻറിന് ഒരു കത്ത് തയ്യാറാക്കുക.</u> (1x5= 5)**

**XII. <u>ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് എഴുതുക</u> ( 1X5=5)**

1. നിങ്ങൾക്ക് ഇഷ്ടപ്പെട്ട വിനോദം
2. പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം

*************************************************************************************